23-01-2023, മാധ്യമം

# ഡോ. കെ. ബാലചന്ദ്ര ഹെബ്ബാർ സി.പി.സി.ആർ.ഐ ഡയറക്ടർ



ഡോ.കെ. ബാലചന്ദ്ര ഹെബ്ബാർ

**കാസർകോട്:** സി.പി.സി.ആർ.ഐ ഡയറക്ടറായി ഡോ.കെ. ബാലചന്ദ്ര ഹെബ്ബാറിനെ നിയമിച്ചു. തിങ്കളാഴ്ച അദ്ദേഹം ചുമതല ഏറ്റെടുക്കും. ഡോ.കെ.ബി. ഹെബ്ബാർ 1995 ൽ നാഗപൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോട്ടൺ റിസർച്ചിൽ സയന്റിസ്റ്റായാണ് ഔദ്യോഗിക ജീവിതം തുടങ്ങിയത്. 2007ൽ ഭോപാലിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോയിൽ സയൻസിൽ പ്രിൻസിപ്പൽ സയന്റിസ്റ്റായി. 2010 മുതൽ ഐ.സി.എ.ആർ-സി.പി.സി.ആർ.ഐയിൽ പ്ലാന്റ് ഫിസിയോളജി, ബയോകെമിസ്ട്രി, പോസ്റ്റ്ഹാർവെസ്റ്റ് ടെക്നോളജി എന്നിവയുടെ തലവനായി പ്രവർത്തിക്കുകയാണ്. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് വയൽ/തോട്ടവിളകളുടെ സ്വാധീനവും അഡാപ്റ്റീവ് തന്ത്രങ്ങളും സംബന്ധിച്ച് പ്രവർത്തിച്ചിട്ടുണ്ട്. യുനൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ കാലാവസ്ഥ വ്യതിയാനത്തിന് കീഴിൽ 2010-ൽ ബോർലോഗ് ഫെലോ പുരസ്കാരം നൽകി ആദരിച്ചു.